For Private Circulation Only

March 2022

ആഗമനാരുണൻ

Vol.69

" വചനം ജഡമായി തീർന്നു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ ..... ഏകജാതനായവന്റെ തേജസ്സായി കണ്ടു" (യോഹ.1:14)

No.3

ക്രിസ്തുവിന്റെ മഹത്വമുള്ള സുവിശേഷം

By Charles H. Spurgeon

അപ്പോസ്തലനായ പൗലൊസ് 2കൊരിന്ത്യർ 4-ാം അദ്ധ്യായത്തിന്റെ 4-ാം വാക്യത്തിൽ മഹിമയേറിയ ക്രിസ്തുവിന്റെ സുവിശേഷം മുത്തുകൾ കോർത്തിണക്കി വളരെ മനോഹരമുള്ള വസ്തുവായി നിർമ്മിച്ചതുപോലെ, താങ്കൾക്ക് ഈ വചനങ്ങളെ ഇവിടെ കാണാൻ കഴിയും. ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം.

അപ്പോസ്തലനായ പൗലൊസ് ഒരു ആശയങ്ങൾ ഉള്ള മനുഷ്യനായിരുന്നു. ഗിദെയോന്റെ ആട്ടിൻതോലിൽ സംഭവിച്ച ദൈവപ്രവൃത്തിപോലെയാണ്. പൗലൊസിന്റെ ജീവിതത്തിലേക്ക് ക്രിസ്തുവിന്റെ സുവിശേഷം രംഗപ്രവേശനം ചെയ്യപ്പെട്ടത്. അവൻ മറ്റുള്ള യാതൊന്നിനെയും കുറിച്ച് ചിന്തിച്ചില്ല. വേറെ ഒന്നും സംസാരിച്ചതുമില്ല. എന്നാൽ ക്രിസ്തുവിന്റെ മഹത്വം/ ശോഭ അവനെ ക്രൂശീകരണത്തിന്റെ ദർശനത്തിലേയ്ക്കാണ് നയിച്ചത്. ആ കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന അനേകം പ്രധാനപ്പെട്ട രാഷ്ട്രീയ സംഭവവികാസനങ്ങൾ ഒരുപക്ഷേ പൗലോസിനെ വളരെ വീർപ്പ് മുട്ടിച്ചിരുന്നു. എന്നാൽ എനിക്ക് അതൊന്നോർത്ത് ഒരു സൂചിതകഥയായിട്ട് നിങ്ങളോടു പറയുവാൻ കഴിയുന്നില്ല. വലിയ പ്രശ്നങ്ങൾക്ക് ഒക്കെയും പരിഹാരം ഉണ്ടായി. എന്നാൽ തന്നെ സംബന്ധിച്ചിടത്തോളം ഒരു വലിയ കാര്യം ക്രൂശിക്കപ്പെട്ട കർത്താവായ യേശുക്രിസ്തുവിനെ എല്ലവാരോടും പ്രസംഗിക്കുന്നതായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജീവിക്കുന്നതും തന്നേ ക്രിസ്തുവിനായിട്ടാണ്, മരിക്കുന്നതും ക്രിസ്തുവിനു വേണ്ടി മാത്രമായിരുന്നു. അത്ര മാത്രമായിരുന്നു ക്രിസ്തു തന്റെ ജീവിതത്തിലെ സ്ഥാനം. താൻ ചെയ്തതു തന്റെതായ ജീവിതത്തിന് യാതൊരു മൂല്യവും/അംഗീകാരവും കൊടുത്തിരുന്നില്ല. എങ്ങനെയും ക്രിസ്തുവിനെ നേടുക എന്നുള്ള ഒരു ഒറ്റ ചിന്ത മാത്രമേ തന്നിൽ നിഷിപ്തമായിരുന്നുള്ളൂ. അത് തന്നെ ക്രിസ്തുവിനോട് ചേർത്ത് ബന്ധിച്ചു.

ക്രിസ്തു എന്ന വ്യക്തി

സുവിശേഷത്തിന്റെ പ്രകാശനം/മഹത്വം അങ്ങനെ, വളരെയധികം നമ്മുടെ കർത്താവായ യേശുക്രിസ്തു എന്ന വ്യക്തിത്വത്തിന്റെതാണ്. അവനാണ് മനുഷ്യരുടെ രക്ഷകനായ ദൈവം. " അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ " (റോമ. 9:5). ആദ്യജാതനെ പിന്നെയും ഭൂതത്തിലേയ്ക്കു പ്രവേശിപ്പിക്കുമ്പോൾ ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്ക്കരിക്കേണം എന്നു താൻ അരുളിച്ചെയ്യുന്നു " (എബ്രാ. 1:6) ദൂതന്മാരോട് ചേർന്ന് നമ്മൾ കർത്താവായ യേശുക്രിസ്തുവിനെ ആരാധിക്കുന്നു. നമ്മു ടെ വിമോചകനായ യേശുക്രിസ്തു അവിടുന്ന് മനുഷ്യനാണ്. നമ്മെപ്പോലെ ഒരു മനുഷ്യൻ, ഇങ്ങനെയുള്ള ഒരു പ്രതീക്ഷയോട് അവങ്കൽ ഏതെങ്കിലും തരത്തിലുള്ള ലൗകികമാ.തും ധാർമ്മികാധ:പതനത്തിന്റെതായ ഒരു കറ/ദുഷിയും പറ്റി ചേർന്നിട്ടില്ല, പൂർണ്ണമായിട്ടു നൂറ് ശതമാനം വിശുദ്ധൻ ആയിരുന്നവനാണ്. പാപത്തിന്റെതായ യാതൊരു പ്രവർത്തികളും/ കർമ്മങ്ങളും അവങ്കൽ കാണപ്പെട്ടില്ല. വളരെ ആശ്ചര്യത്തോടെ നാം നോക്കി കാണേണ്ട ഒന്നാണ് കർത്താവിന്റെ മഹത്വ പ്രകാശം. ഒരു പോലെ, ഒരേ സമയം, ഒരുമിച്ച് മനുഷ്യരൂപത്തിൽ കൂടി ചേർന്നിരുന്ന തന്റെ ഇഹലോകത്തിലെ ജീവിതത്തിൽ! അവിടുന്ന് വളരെ പ്രത്യേകതയുള്ളവനാണ്. അവൻ പിതാവിന്റെ മഹത്വത്തിന്റെ പ്രകാശനം ആണ്. ശത്രുവിന്റെ തലയെ തകർക്കാനായിട്ട് മനുഷ്യാവതരാം എടുത്ത ഒരു മനുഷ്യജന്മമാണ്.

ദൈവം മനുഷ്യന്റെ ശോഭനകരമായ രക്ഷയെ സ്വയം ഏറ്റെടുത്തുകൊണ്ട്, മനുഷ്യാവതാരം ജഡത്തിൽ സ്വീകരിച്ചുകൊണ്ട് നമ്മുടെ ഇടയിൽ പാർത്തു, അതെ അവിടുത്തെ മഹത്വം/ ശോഭ യുള്ള സുവിശേഷം . ഇതാണ് സുവിശേഷം. ഒരു ആശുപത്രിയിൽ മുഴുവൻ രോഗികളാൽ നിറയപ്പെട്ടിരുന്നതു നാം കേട്ടുകൊണ്ടിരിക്കുന്നതുമായ വാർത്തകൾ ആ ആശുപത്രി അധികാരികൾക്ക് അവിടെ കടന്ന് വരുന്ന രോഗികളെ സൗഖ്യം ആക്കുവാൻ യാതൊരു കാരണവശാലും സാധിക്കാതെ ഇരിക്കുന്ന ഒരു വേളയിൽ, അതാ ഒരു വൈദ്യൻ ആ ഭാഗത്തേക്കു കടന്നു വരികയും അവരെ സൗഖ്യം ആക്കുവാനുള്ള കാര്യങ്ങൾ ക്രമീകരിക്കപ്പെടുകയും ചെയ്യുമ്പോൾ ഞാൻ ഒരു കാര്യം ചെയ്യും ആ സന്ദർശകനായി എത്തിയ വൈദ്യനെ കൂടുതൽ പുകഴ്ത്തും. അങ്ങനെ എല്ലാവർക്കും അത് ഒരു വലിയ സന്തോഷത്തിന്റെ വർത്തമാനം ആയി തീരുക.കയും ചെയ്യും. അങ്ങനെയെങ്കിൽ, ഞാൻ അവരോടു ഇപ്രകാരം പറയും നിങ്ങളുടെ സമീപത്ത് വന്ന ആ പുതിയ വൈദ്യൻ ഒരു അപാര പ്രതിഭയാണ്. അദ്ദേഹത്തിന്റെ ജ്ഞാനവും അപാരമായ കഴിവുകളും വളരെ ശ്ലാഘനീയം തന്നെയാണ്. അവനിൽ അതിരറ്റ സ്നേഹവും അത്ഭുത ശക്തിയും ഒരുമിച്ച് ലയിച്ചിരിക്കുന്നുവെന്ന് താങ്കൾ ഒന്ന് ചിന്തിച്ച് നോക്കുക. ആ രോഗികൾ അവരുടെ തീരാരോഗശയ്യയിൽ കിടന്ന് എത്രമാത്രം ഹൃദയം കൊണ്ട് സന്തോഷിച്ചിരിക്കാം!

എന്തുകൊണ്ടാണ്, ഇത്ര വലിയ വർത്തമാനം പകുതിമാത്രമേ അവരിൽ സ്വാധീനിച്ച

(ശേഷം 4-ാംപേജിൽ)

ക്രിസ്തുവിനെകുറിച്ചുള്ള അറിവ്

By George Muller (1805 -1898)

അപ്പോസ്തലനായ പൗലൊസ് പറയുകയാണ്, അവന്റെ മരണത്തോടു അനുരൂപപ്പെട്ടിട്ടു അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും ഇങ്ങനെ വല്ലവിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം (ഫിലി. 3:10). സ്വഭാവികമായിട്ടു ചില ചോദ്യങ്ങൾ ഇവിടെ ഉയർന്ന് വന്നേക്കാം, പൗലൊസ് എന്താണ് പ്രത്യേകം ആയിട്ട് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്? അത് വേറെ ഒന്നും തന്നെയല്ല, ഇത്രയും അനുഗ്രഹിക്കപ്പെട്ട നമ്മുടെ രക്ഷകനായ കർത്താവിന്റെ സ്നേഹത്തിന്റെ പൂർണ്ണത, സ്വഭാവത്തിന്റെ പൂർണ്ണത, സൗന്ദര്യത്തിന്റെ പൂർണ്ണത, അതെ വിശുദ്ധന്മാർ യേശുക്രിസ്തുവിന്റെ പൂർണ്ണ മഹത്വത്തോടെ കാണുന്ന ആ സമയത്ത്, വ്യക്തമായിട്ട്, പൂർണ്ണമായിട്ടു അറിയുവൻ കഴിയുന്ന ആ സമയത്തെ കുറിച്ചാണ് പൗലൊസ് ജഡത്തിൽ ആയിരുന്ന സമയത്തു തന്നെ താൻ അധികം ആയിട്ട് ഹൃദയം കൊണ്ട് ആഗ്രഹിച്ച് പോകുകയാണ് പതിനായിരങ്ങളിൽ സുന്ദരനും എല്ലാ നാമത്തിലും മേലായ നാമം ഉള്ളവനുമായ തന്റെ പ്രാണപ്രീയന്റെ മനോഹാരിത്വം അതിന്റെ പൂർണ്ണതോതിൽ അനുഭവിച്ചറിയണമെന്ന്.

വ്യക്തമായിട്ട് അടുത്തറിയുവാൻ താൻ ആഗ്രഹിക്കുന്ന കർത്താവിനെക്കുറിച്ചുള്ള എന്ത് അറിവാണ് താൻ ഇവിടെ സംസാരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ക്രിസ്തുവിന്റെ മനസ്സുള്ളവരായി തീരുക.

വ്യക്തമായിട്ടു ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്, യേശുക്രിസ്തുവിന്റെ രൂപത്തോടെ അനുരൂപപ്പെടുക എന്നുള്ളതാണ്. അപ്പോസ്തലനായ യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം മൂന്നാം അദ്ധ്യായം 2-ാം വാക്യത്തിൽ പറയുന്നത് ഇപ്രകാരമാണ്. '' പ്രീയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശ്യന്മാർ ആകും എന്നു നാം അറിയുന്നു '' (അല്ലെങ്കിൽ നാം അവൻ ആകുന്നതുപോലെ നാം അവനെ അറിയും).

അതുകൊണ്ട്, യേശുക്രിസ്തുവിനെ പൂർണ്ണമായിട്ട് അറിയുക എന്നു പറഞ്ഞാൽ അവനെ അറിയുക. അവന്റെ സ്നേഹത്തിന്റെ പൂർണ്ണതയിൽ രാജാവിനെ കാണുക. അവന്റെ മനോഹാരിത്വത്തോടെ കൂടെ. അതെ അവരും അവനെ പോൽ സദൃശന്മാർ ആകും.

ഇപ്പോൾ നമുക്ക് നമ്മുടെതായ ചില അളവുകോലുകൾ ഉണ്ടായിരിക്കാം. ഇങ്ങനെ പറഞ്ഞേക്കാം,ഞങ്ങൾ ദൈവത്തിന്റെ മക്കളാണ് എന്ന്. എന്നാൽ നാം ഇന്ന് ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ തന്നെ, കർത്താവാം യേശുക്രിസ്തുവിന്റെ സൗന്ദര്യം അവനുള്ളതുപോലെ ദർശിക്കുന്നവരായി തീരട്ടെ. അവന്റെ സ്നേഹത്തിന്റെ പൂർണ്ണത നമുക്ക് വ്യക്തമാകട്ടെ. യേശുക്രിസ്തുവിന്റെ മനസ്സിനോട് അനുരൂപപ്പെടുന്നവരായി തീരട്ടെ. ഈ വെളിപ്പാടിനാലാണ് പൗലൊസ് അപ്പോസ്തലൻ പരിശുദ്ധാത്മാവിനാൽ പറയു

(ശേഷം 3-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. '' ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദു:ഖിതന്മാരെയൊക്കെയും ആശ്വസിപ്പാനും സീയോനിലെ ദു:ഖിതന്മാർക്കു വെണ്ണീറിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു (യെശ. 62:1-3)

ഫെബ്രുവരി മാസം നമ്മെ വിട്ട് കടന്നുപോയി. മാർച്ച് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നമുക്കുവേണ്ടി കാൽവറി ക്രൂശിൽ മരിച്ച് മൂന്നാം നാൾ ഉയിർത്ത ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി കല്ലറയ്ക്കൽ കരഞ്ഞുകൊണ്ടിരുന്ന മറിയയുടെ അടുക്കൽ ആയിരുന്നു യേശു ആദ്യം പ്രത്യക്ഷനായത്. എപ്പോഴും കൂടെയുണ്ടായിരുന്ന യേശുവിനെ മറിയയ്ക്ക് തിരിച്ചറിയുവാൻ സാധിച്ചില്ല. നാമും മറിയയുടെ അനുഭവത്തിൽകൂടെയല്ലേ കടന്നു പോകുന്നത്. നമ്മുടെ സന്തോഷത്തിലും വേദനയിലും കഷ്ടതയിലും നമ്മോടൊപ്പം കൂടെ നടക്കുന്ന കർത്താവിനെ മനസ്സിലാക്കുവാൻ നാം വൈകിപ്പോകുന്നു.

നാം ഒരു നിമിഷം ചിന്തിക്കുക. ദൈവം നമുക്കു ചില ഉത്തരവാദിത്വങ്ങൾ നിൽകിയിരിക്കുന്നുവല്ലോ. എന്താണ് അവ. നമ്മുടെ ജീവിതത്തെ ദൈവത്തിനായി സമർപ്പിച്ച് പൂർണ്ണമായും കർത്താവിൽ വിശ്വസിക്കുക. നമ്മിൽ ഏൽപ്പിച്ചിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് ചിന്തിക്കുക. എപ്പോഴും പ്രാർത്ഥിക്കുന്ന ശീലമുള്ളവർ ആയിരിക്കുക. നമ്മുടെ ജീവിത രീതികൾ മറ്റുള്ളവർക്ക് രുചിയേറുന്നതായി തീർക്കാം. ദൈവഹിതം നിറവേറ്റാം. അതിനായി നമ്മെ ദൈവകരത്തിൽ സമർപ്പിച്ചു ജീവിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(2-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ്

ന്നത് ഇത് പറഞ്ഞറിയിക്കുവാൻ സാധിക്കാത്ത അത്രയും മൂല്യം ഉള്ളതാണ്.

എന്റെ ആത്മാവിന്റെ രക്ഷയ്ക്കായിട്ട് ഞാൻ അവനെ അറിയുന്നുവെന്ന്, നാം ഒരിക്കലും പറയരുത്. ഞാൻ രക്ഷിക്കപ്പെട്ടത്, അവസാനം അവനിൽ കൂടിയാണെന്ന്. തീർച്ചയായിട്ടും ദൈവത്തിന്റെ നാമം മഹത്വപ്പെടും. നമ്മുടെ ആത്മാവിന്റെ രക്ഷ അവനിൽ കൂടി ആണെന്നുള്ള തിരിച്ചറിവ് നമുക്ക് ഉണ്ടെങ്കിൽ നമ്മെ സംബന്ധിച്ചിടത്തോളം ഇത് മാത്രമല്ല പ്രാധാന്യം അർഹിക്കുന്നത്, അനുനിമിഷവും കർത്താവിന്റെ മനസ്സുള്ളവരായി ഈ ഭൂമിയിൽ വച്ച് തന്നെ വളർന്ന് വരിക എന്നുള്ളതാണ്. ഈ ഒരു അവബോധം നമ്മിലേക്കു കൊണ്ടു വരുന്നതിനായിട്ട് ശ്രേഷ്ഠനായ യേശുക്രിസ്തു ആയിട്ടുള്ള ഒരു നല്ല അടുത്ത ബന്ധം സൃഷ്ടിക്കപ്പെടേണ്ടതിനായിട്ട് ഒരു ദൈവപൈതൽ തീർച്ചയായിട്ടു ക്രിസ്തുവിനെ അന്വേഷിച്ച് കണ്ടെത്തുകയും അതോടൊപ്പം തന്നേ അവർക്ക് ദൈവത്തിൽ ലഭിച്ച വെളിപ്പാടിൽ സംതൃപ്തിപ്പെടാതെ കൂടുതൽ അവനെ അറിയുവാനുള്ള ഒരു ധര ആത്മാവിൽ സംജാതം ആകുകയും വേണം.

ഇതാണ് ഞാൻ താങ്കളുടെ വിലപ്പെട്ട ശ്രദ്ധയിലേക്കു കൊണ്ടുവരുന്ന ഒന്നാമത്തെ ഭാഗം അതായത്, നമ്മുടെ ഉള്ളിൽ വളർന്ന ക്രിസ്തീയ ജ്ഞാനത്തിൽ നാം എല്ലാവരും യേശുക്രിസ്തുവിന്റെ മനസ്സുമായിട്ട് അനുരൂപപ്പെടുകയാണ് ചെയ്തിരിക്കുന്നത്.

വളർച്ച പ്രാപിച്ച ആത്മാവിന്റെ ശക്തി

അടുത്തതായിട്ട് നാം കാണുവാൻ പോകുന്നത്,വളർച്ച പ്രാപിച്ച ആത്മാവിന്റെ ശക്തി, വളർച്ച പ്രാപിച്ച ആശ്വാസം, എല്ലാംതലങ്ങളിലും നാം അനുഭവിക്കുന്ന വളരെ ശക്തമായ ബലവുമാണ്. സഭയ്ക്കു ലഭിക്കുന്ന ആശ്വാസത്തെ കുറിച്ചും, ധൈര്യത്തെ കുറിച്ചും സർവ്വശക്തനായവൻ തന്നേ പറയുകയാണ്. " തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിനും യഹോവയായ കർത്താവു എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു. അവൻ രാവിലെതോറും ഉണർത്തുന്നു. ശിഷ്യന്മാരെപ്പോലെ കേൾക്കേണ്ടതിനു അവൻ എന്റെ ചെവി ഉണർത്തുന്നു " (യെശ. 50:4).

ഏറ്റവും ശ്രേഷ്ഠകരമായ ഒരു വസ്തുത നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ നമുക്ക് ലഭിച്ചതാണ്, കാരണം അവിടുന്ന് " ഉന്നതനാണെങ്കിലും താഴ്മയുള്ളവരെ കടാക്ഷിക്കുന്ന ദൈവം ആണ് ". നാം നമ്മുടെ സുഹൃത്തുക്കളോടു സാധാരണ നിലയിൽ അതിലും സാധാരണയായിട്ട് ഇടപ്പെടുവാനും, സംസാരിക്കുവാനും ആശ്രയിക്കുവാനും സാധിക്കുന്നു എന്നുള്ളത് എത്രയോ ശ്രേഷ്ടകമായ ഒരു കാര്യം ആണ്. നമുക്ക് അവിടുത്തോടും നമ്മുടെ ഒരു സാധാരണ സുഹൃത്തിനോടു സംസാരിക്കുന്നതു പോലെ സംസാരിച്ചു തുടങ്ങാം.അവിടുത്തോട് നമുക്ക് പറയുവാൻ സാധിക്കും, എന്റെ വലിയവനായ കർത്താവേ, ഞങ്ങൾ തളർന്നിരിക്കുമ്പോൾ അവിടുന്ന് ഞങ്ങളോട് സംസാരിക്കണമേ. കണ്ണുനീരിന്റെ താഴ്വരയിൽ കൂടി കടക്കുമ്പോഴും, കഷ്ടതയുടെ ബുദ്ധിമുട്ടുകളിൽ കൂടി കടന്നു പോകുമ്പോഴും നിരാശയുടെ പങ്കപാടുകളിൽ കൂടി പോകുമ്പോഴും ഇയ്യോബിനെപ്പോലെ ശരീരത്തിൽ ദുർഗന്ധം വമിക്കുന്ന വ്രണം ഉള്ള സമയത്തു പ്രതിസന്ധിയുടെ തീവ്രത കൂടുമ്പോഴും കുറയുമ്പോഴും, അങ്ങനെ ഓരോ തവണയും വീണ്ടും വീണ്ടും ദൈവപൈതൽ കർത്താവിന്റെ വഴികളിൽ കൂടി നടക്കുവാൻ ശരണപ്പെടുകയും അങ്ങനെ അവന്റെ ഉള്ളിൽ ക്ഷീണിതയായിട്ട് മാറുകയും ചെയ്യാം. ഇപ്പോൾ വലിയവനായ കർത്താവിന്റെ ചാരത്തേയ്ക്കു അണഞ്ഞിട്ട് അവനോട് പറയുക, അല്ലയോ, എന്റെ കർത്താവേ, ക്ഷീണിതനായ അടിയനോടു അവിടുന്ന് സംസാരിക്കേണമേ.

ക്രിസ്തുവിൽ എന്റെ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ, ഞാൻ നിങ്ങളോട് ചോദിക്കുവാൻ ആഗ്രഹിക്കുന്നു, എന്റെ കർത്താവേ, ക്ഷീണിതനായ അടിയനോട് സംസാരിക്കേണമേ, ഞാൻ ഒരു കാര്യം പറയട്ടെ, കഴിഞ്ഞ അമ്പതു വർഷങ്ങൾ കർത്താവിനെ സേവിച്ച ഞാൻ ആവർത്തിച്ച് ആവർത്തിച്ച് ഞാൻ കർത്താവിന്റെ തിരുസന്നിധിയിൽ വന്നിട്ട് അവനോടു അപേക്ഷിക്കു ക്ഷീണിച്ചിരിക്കുന്ന അടിയനോടു ഇന്ന് സംസാരിക്കേണമേ.

എന്നാൽ എന്താണ് ഞാൻ കണ്ടെത്തിയത്? തികച്ചും

(ശേഷം 7-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(1-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ മഹത്വമുള്ള സുവിശേഷം

ത്. വിഷാദത്തിലും നൈരാശ ബോധത്തിലും ആയിരുന്ന അവർ, അവന്റെ വർത്തമാനം കേട്ടപ്പോൾ, അവരെ രക്ഷിക്കുവാനായിട്ട് കർത്താവ് തന്നെ അവതരിക്കുന്നുവെന്ന് അറിഞ്ഞപ്പോൾ അവരിൽ വളരെ അധികം സന്തോഷം ഉളവാക്കേണ്ടതല്ലേ?

വളരെ രഹസ്യസ്വഭാവം ഉള്ള യേശുക്രിസ്തുവിന്റെ വ്യക്തിത്വം സുവിശേഷങ്ങളിലെ വളരെ പ്രധാന അവലംബം ആണ്. ഇനി മുതൽ ദൂതന്മാരല്ല; രക്ഷിക്കുന്നത്, വെറും മനുഷ്യരും അല്ല രക്ഷിക്കുന്നത്; പ്രത്യുത ഇമ്മാനുവേൽ തന്നെ. " അവനു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും" (മത്താ. 1:23). അതിരുകളില്ലാത്തതു, അളവറ്റതുമാണ് അവന്റെ ഉറവുകൾ. കണക്കു കൂട്ടുവാൻ സാധിക്കാത്തതാണ് അവിടുത്തെ കൃപകൾ. ഓ, കളങ്കിതരായവർ, പശ്ചാത്താപ ഹൃദയത്തോട് രോഗശയ്യയിൽ കിടക്കുന്നവരെ, ദു:ഖഭാരത്തിൽ മരിക്കുവാൻ ഒരുങ്ങി ഇരിക്കുന്നവരേ, താങ്കൾക്ക് ആവശ്യമുള്ള ഒരു രക്ഷകൻ ഇവിടെ ഉണ്ട്. താങ്കൾ ആരാണെന്ന് ചിന്തിക്കുന്ന നിമിഷങ്ങളിൽ, നിരാശപ്പെട്ടേക്കാവുന്ന അവസരങ്ങളിൽ, അവൻ എന്താണെന്ന് ഒരു നിമിഷം ഹൃദയം കൊണ്ട് ചിന്തിക്കുക, അതെ അവനായിട്ട് ഹൃദയം നല്കുക.

രക്ഷകന്റെ ദൈവീകത്വത്തെകുറിച്ച് ഞാൻ ഏതെങ്കിലും തരത്തിലുള്ള സംശയം താങ്കളുടെ ഹൃദയത്തിൽ കൊണ്ടുവരുകയാണെങ്കിൽ, അത് താങ്കളുടെ അടിസ്ഥാനപരമായ പ്രത്യാശയെ നശിപ്പിക്കുന്ന ഒന്നായി തീരാൻ സാധ്യതയുണ്ട്. എന്നാൽ താങ്കൾ കർത്താവിനെ ദൈവമായിട്ടു കാണുമ്പോൾ, ഓർമ്മവരുന്നു അവിടുത്തേക്ക് ഒന്നും അത്ര പ്രശ്നവും ബുദ്ധിമുട്ടും ഉള്ളത് അല്ല എന്ന്. ഞാൻ കർത്താവിന്റെ ശരിയായ പൈരുഷ്യത്തെകുറിച്ച് താങ്കളിൽ സംശയം ഉണർത്തിയാൽ, ഞാൻ തീർച്ചയായിട്ടു താങ്കളുടെ സമാധാനത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്, അങ്ങനെ അവനിൽ നിന്നു നിനക്കു ലഭിക്കേണ്ടതായ ദയയും, കരുണയും അതിനെക്കുറിച്ച് അവബോധം ഇല്ലാത്തവനായിട്ട് മാറുകയും ചെയ്യും. എന്റെ പ്രിയ സ്നേഹിതാ, യേശുക്രിസ്തു താങ്കളുടെ മുമ്പിൽ നില്ക്കുകയാണ്, അത്യുന്നതനായ ദൈവത്താൽ അവിടുന്ന് അഭിഷിക്തനാണ്. അളവറ്റ ആത്മാവിന്റെ ശക്തിയാൽ നിറയപ്പെട്ടവനായിട്ട് അങ്ങനെ, സ്വഭാവത്തിലും വ്യക്തിത്വത്തിലും ആദ്യവും, ഉത്തമമായതും അവിടുത്തെ താങ്കളുടെ രക്ഷയ്ക്കായുള്ള സുവിശേഷം അത് വളരെ പരിപൂർണ്ണവും അതോടൊപ്പം തീർച്ച ആയതുമാണ്, അവിടുന്ന് താങ്കൾക്കായിട്ടുള്ള തേജസ്സിന്റെ സുവിശേഷം.

ക്രിസ്തുവിന്റെ സ്നേഹം

ക്രിസ്തുവിന്റെ തേജസ്സ് അവിടുത്തെ വ്യക്തിത്വത്തിൽ മാത്രം ഒതുങ്ങി ഇരിക്കുന്നതല്ല, എന്നാൽ അവന്റെ സ്നേഹത്തിൽ അത് നിമജ്ഞനം ചെയ്യപ്പെട്ടിരിക്കുകയാണ്. ഈ ഓർമ്മയോടുകൂടി, സുവിശേഷത്തെ ദർശിക്കാം. നിത്യതയിൽ നിന്നു തന്നെ ദൈവപുത്രൻ തന്റെ ജനത്തെ സ്നേഹിച്ചിരുന്നു. എന്റെ പ്രമോദം മനുഷ്യപുത്രന്മാരോടു കൂടെ ആയിരുന്നു (സദൃ. 8:31). ലോകസ്ഥാപനത്തിനു മുമ്പെ പിതാവായ ദൈവം തന്റെ പുത്രന് അവകാശമായി കൊടുത്ത ജനത്തെ സ്നേഹിച്ചു. അവിടുന്നു അവരോടുകൂടി പ്രമോദിക്കുവാൻ തീരുമാനിച്ചു. അവരെ മോചിപ്പിച്ച നിത്യത അവകാശമാക്കികൊടുക്കുവാൻ വേണ്ടി പരമയാഗമായിതീരുകയും അങ്ങനെ പുത്രന്റെ രക്തത്താൽ നമുക്ക് വിടുതൽ ലഭിക്കുകയും ചെയ്തു. അവന്റെ ജ്ഞാനത്തിന്റെ സ്ഫടികത്തിൽ കൂടി സകല മാനവരാശിയെയും കാണുകയും, നിലനിൽക്കുന്നതും അനന്തമായതും, അമൂല്യമായതുമായ സ്നേഹത്താൽ സ്നേഹിക്കുകയും ചെയ്തു. ആളിക്കത്തുന്ന അവിടുത്തെ സ്നേഹം തന്റെ ഹൃദയത്തിൽ ആദിയിൽ തന്നെ ഉണ്ടായിരുന്നു. അതെ, യേശുവിന്റെ സ്നേഹം അത് ഒരിക്കലും അവസാനിക്കുന്നില്ല.

ഇവിടെ നമുക്ക് ലഭിച്ചിരിക്കുന്നത്, ദൈവത്തിന്റെ തേജസ്സാണ്. അവിടുന്ന് നമ്മെ അധികം സ്നേഹിച്ചു. സ്വർഗ്ഗത്തിന് അവനെ പിടിച്ച് നിർത്തുവാൻ കഴിഞ്ഞില്ല. അവൻ നമ്മെ അധികം സ്നേഹിച്ചത്, ലോകത്തിലേയ്ക്കു അവതരിച്ച് നമ്മെ വീണ്ടെടുക്കുവാനാണ്. അവിടുന്ന് നമ്മുടെ മദ്ധ്യേ വന്ന് ജീവിച്ച് നമ്മുടെ പാപങ്ങളും, ലജ്ജകളും എല്ലാം മായിച്ച് തന്നു. അവൻ നമ്മെ ഇന്നും സ്നേഹിക്കുന്നു. "ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ അവസാനത്തോളം അവരെ സ്നേഹിച്ചു" (യോഹ. 13:1). സ്നേഹം അവിടുത്തെ ഹൃദയത്തിൽ അങ്ങെയറ്റം വരെ അത് നിറയപ്പെടുകയും ചെയ്തു നമ്മുടെ ദൈവമായ രക്ഷകനിൽ! ഈ തേജസ്സിന്റെ സ്നേഹത്തിന് ഒരിക്കലും ആരംഭവും, അതിരുകളും മാറ്റങ്ങളും അല്ലെങ്കിൽ അടയ്ക്കപ്പെടുകയോ ചെയ്യുന്നില്ല. ഇതാണ് സുവിശേഷത്തിന്റെ ജീവൻ പ്രധാനം ആയ രക്തമായി തീർന്നിരിക്കുന്നത്. യേശുക്രിസ്തുവിന്റെ സ്നേഹമാണ് മഹത്വകരമായ സുവാർത്താദൂത്. നമ്മുടെ ശ്രേഷ്ഠ വൈദ്യൻ രോഗികളെ സ്നേഹിക്കുന്നവനാണ്, അതോടൊപ്പം അവരെ സൗഖ്യമാക്കുവാൻ സന്തോഷവും ഉള്ളവനാണ്. പല വ്യാധികളാൽ ബാധിക്കപ്പെട്ടവരുടെ ഇടയിലേക്കു കടന്നു വന്ന് സകല കോട്ടകളെയും തകർത്ത് അവരെ അനുഗ്രഹിക്കുക എന്നതാണ് ഏക ലക്ഷ്യം. യേശുക്രിസ്തു പാപികളുടെ സുഹൃത്താണ്. എത്രയോ ഉന്മാദത്തോടെയാണ് എന്റെ ആത്മാവിൽ എനിക്ക് പാടാൻ കഴിയുന്നത്, യേശു എന്റെ ആത്മാവിന്റെ സ്നേഹിതൻ എന്നും യേശു ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രകാശമാണ്. അവിടുത്തെ ദൈവകൃപയാലുള്ള സുവിശേഷം.

ക്രിസ്തുവിന്റെ അവതാരം

എന്റെ പ്രിയപ്പെട്ടവരെ, അടുത്തതായിട്ട് നാം കാണാൻ പോകുന്നത് മഹോന്നതനായവൻ മനുഷ്യജന്മം എടുത്ത് ഈ ലോകത്തിൽ അവതരിച്ചതിനെകുറിച്ചുള്ളതാണ്. ബേത്ലഹേമിൽ ജനിച്ച നസ്രേയനായ യേശുക്രിസ്തു നമുക്ക് തേജസ്സുള്ള ക്രിസ്തുവാണ്. സാധാരണക്കാരുടെ വീക്ഷണത്തിൽ ഒരു തച്ചന്റെ ഭവനത്തിൽ ലോകരക്ഷകൻ ജനിക്കുന്നത് വളരെ ലജ്ജാകരവും അംഗീകരിക്കുവാൻ ബുദ്ധിമുട്ടുള്ളതുമാണ്. പക്ഷെ എല്ലാ കാലഘട്ടങ്ങളിലും നമ്മുടെ നല്ല മദ്ധ്യസ്ഥനായ ആ തേജസ്സുള്ള കർത്താവ് നമ്മുടെ ശരീരത്തെയും രക്തത്തെയും അനുഗ്രഹിച്ച് നമ്മിൽ പ്രസാദിച്ച് നമ്മെ ജയത്തോടെ നടത്തുന്നു. അവിടുത്തെ ദാരിദ്ര്യത്തിലും ലജ്ജയിലും അവന്റെ മഹത്വം എല്ലാ മേഖലകളിലും പ്രകാശിക്കുന്നു. തല ചായ്ക്കുവാൻ സ്വന്തം ആയിട്ട് ഒരു സ്ഥലം ഇല്ലാത്തവൻ, അവന്റെ വിശപ്പിലും ക്ഷീണങ്ങളിലും ആ മഹത്വം അതിന്റെ പൂർണ്ണ തേജസ്സോടെ പ്രകാശിച്ചിരുന്നു. പുറം ലോകം ഒരിക്കൽ അറിയപ്പെടാതിരുന്ന ഗത്ശമനയ്ക്കു അവന്റെ കാൽപാദം

((ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ മഹത്വമുള്ള സുവിശേഷം

ഏറ്റതുമുഖാന്തരം അവിടുത്തെ തേജസ്സും/ മഹത്വം ലോകം അറിയുവാൻ തുടങ്ങി. ക്രൂശീകരണത്തിനും തലെ രാത്രിയിൽ അവന്റെ അതിവേദനയോടുള്ള പ്രാർത്ഥനയിൽ വിയർപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയി. അവിടുത്തെ മുഖത്തു തുപ്പി അപമാനിച്ചു, ചാട്ടവാറു ഉപയോഗിച്ച് നിർദാരുണ്യം പ്രഹരിച്ചപ്പോഴും, കാരിരുമ്പാണികളാൽ ആ കൈകാലുകൾ തുളക്കപ്പെട്ടപ്പോഴും,വിലാപ്പുറത്തു കുന്തം കൊണ്ട് കുത്തി മുറിവേല്പിച്ചപ്പോഴും സ്വർഗ്ഗത്തിനു സഹിക്കുവാൻ കഴിഞ്ഞിരുന്നില്ല.

മനുഷ്യാവതാരം സ്വീകരിച്ച് ദൈവപുത്രന്റെ ജീവിതം മുഴുവൻ നിറഞ്ഞു നില്ക്കുകയായിരുന്നു. ദയയും, കരുണയും കൃപയും ഇത് മനുഷ്യനെ പാപബോധം ഉണ്ടാക്കുകയും പശ്ചാത്തപിച്ച് മാനസാന്തരപ്പെടുവാനും പ്രേരിപ്പിക്കുന്നു. ഇതാണ് നമ്മുടെ സ്നേഹനിധിയായ യേശുക്രിസ്തുവിന്റെ സുവീശേഷം. മനുഷ്യരൂപത്തിൽ ദൈവം പ്രത്യക്ഷപ്പെട്ടപ്പോൾ സ്വഭാവികമായിട്ടു നമ്മളെ അനുരഞ്ജിപ്പിക്കുന്നതിനെക്കുറിച്ച് പ്രതീക്ഷിച്ചും അവിടുന്ന് നമ്മുടെ ബലഹീനതകളും കുറവുകളും ക്ഷമിച്ചപ്പോൾ, നമ്മുടെ രോഗങ്ങളെ സൗഖ്യമാക്കിയപ്പോൾ, നം പ്രതീക്ഷച്ചതുപോലെ നമ്മോടും ബലഹീനതകളെ ക്ഷമിച്ചും രോഗങ്ങൾക്ക് സൗഖ്യം വരുത്തി. കന്യകയിൽ നിന്ന് ജനിച്ച്, നമ്മുടെ ഇടയിൽ വന്ന് നമ്മുടെ ഇടയിൽ പാർത്ത് വേദനയുടെയും യാതനകളുടെയും ജീവിതത്തിൽ കൂടി കടന്നു പോയവരും മാനവരാശിയുടെ പൂർണ്ണ ക്ഷേമത്തിനു നന്മയ്ക്കുമായുള്ള സേവനം/ ശുശ്രൂഷ ചെയ്തവനുമാണ് യേശുക്രിസ്തു. അതിനാൽ എന്നും നമുക്ക് അവനിൽ പ്രതീക്ഷകൾ ഉണ്ട്. അവിടുന്ന് ലോകത്തിൽ വന്നത് ഈ ലോകത്തെ ശപിക്കുവാനോ/ ശിക്ഷിക്കുവാനോ അല്ല, പ്രത്യുത അവനിൽ ലോകം രക്ഷിക്കപ്പെടുവാൻ വേണ്ടിയാണ്. " ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ " (യോഹ. 3:17). നോക്കു, ഞാൻ താങ്കൾക്കു വേണ്ടി പ്രാർത്ഥിക്കുകയാണ്, കർത്താവിന്റെ തേജസ്സിന്റെ പ്രവർത്തികൾ നിങ്ങളിൽ നല്ലതു പ്രവർത്തിക്കും. അവന്റെ കൃപയാൽ അത്ഭുതങ്ങൾ ജീവിതത്തിൽ സംഭവിക്കും. അവൻ വീഴുന്നവരെ ഒക്കെയും താങ്ങുന്നവനാണ്. താങ്കളോട് തന്നെ ഒരു നിമിഷം ഒന്നു ചോദിക്കുക, നിരാശയും നിരാലംബരുമായുള്ള മനുഷ്യർക്ക് അവിടുന്ന് പകർന്ന് നല്കിയ പുത്തൻ ഉണർവും ജീവിതവും എത്രയോ വലുതാണ്.

ദൈവം അവിടുത്തെ തേജസ്സിന്റെ കൃപകളെ നമ്മുടെ തരംതാണവർ എന്നുള്ള കാഴ്ചപ്പാടിൽ മൂടി വച്ചിട്ടുണ്ടോ? അവിടുന്ന് മാനവരാശിയുടെ പൂർണ്ണ നന്മയ്ക്കാണ് പ്രവർത്തിക്കുന്നത്. അങ്ങനെ മനുഷ്യർ എല്ലാവരും ദൈവവുമായിട്ടുള്ള കൂട്ടായ്മയിൽ ഒത്തു ചേരുന്നു. എന്നാൽ ഇത് പൂർണ്ണമായിട്ടു ഒരുവന് ഉൾക്കൊൾവാൻ ബുദ്ധിമുട്ടുള്ളതാണ്. ദൈവത്തിന്റെ തേജസ്സിനെ ജഡമായി തീർന്ന വചനത്തിൽ നമുക്ക് ദർശിക്കുവാൻ സാധിക്കുന്നു. എല്ലാ വാഴ്ചകളെയും അധികാരങ്ങളെയും തകർത്തവൻ ഇവിടെയാണ്. അവനിൽ വിശ്വസിക്കുന്ന നമുക്ക് കൃപയുടെ സുവിശേഷത്തിന്റെ മഹത്വം ദർശിക്കുവാൻ സാധിക്കുന്നത്.

ക്രിസ്തുവിന്റെ പാപപരിഹാരയാഗം

ക്രിസ്തുവിന്റെ പാപപരിഹാരയാഗത്തിൽ നമുക്ക് കൂടുതൽ ക്രിസ്തുവിന്റെ മഹത്വത്തെ ദർശിക്കുവാൻ കഴിയും. ഒരു പക്ഷേ താങ്കൾ എന്നോട് നിർത്തുക, പറയട്ടെ, അതായിരുന്നു അവന്റെ നിന്ദയുടെയും ലജ്ജയുടെയും എന്ന് അതെ തീർച്ചയായിട്ടു ശരിയാണ് അതുകൊണ്ടാണ് ഇവിടെ അവന് മഹത്വം വർദ്ധിക്കുന്നത്. ക്രൂശിലെ മരണം ക്രിസ്തുവിന്റെ മഹത്വം വർദ്ധിപ്പിക്കുന്നതല്ലെ? എന്റെ പ്രീയ സ്നേഹിതരം, ഏത് വസ്ത്രം ആണ് അവിടുത്തെ രക്തത്തിൽ മുക്കുന്നതിനായിട്ട് നാം ഉപയോഗിച്ചത്? അവിടുന്ന് എത്രയോ സുന്ദരനാണ്. പതിനായിരങ്ങളിൽ സുന്ദരനായ യേശു, തന്റെ ശരീരം തേജസ്സാൽ നിറയപ്പെട്ടതുമാണ്, ആ ശരീരത്തിൽ നിന്നാണ് വിയർപ്പു തുള്ളികൾ രക്തതുള്ളിയായിട്ട് ധാരധാരയായിട്ട് നിലത്തിലേയ്ക്ക് വീഴുന്നത്. വിശ്വാസക്കണ്ണുകളോടെ നാം കാണുമ്പോൾ അത് വളരെ അത്ഭുതവും നമുക്ക് ആനന്ദം ഉളവാക്കുന്നതുമാണ്. യേശുവിന്റെ നിറം കലർന്ന കടുംചുവപ്പുനിറത്തോടുകൂടിയ വസ്ത്രം രാജാക്കന്മാർ അണിഞ്ഞിരുന്ന വസ്ത്രത്തെക്കാൾ വളരെ ഭംഗിയും അവനെ അത് വളരെ സുന്ദരമാക്കി തീർത്തു. അവന്റെ അതിയായ നമ്മോടുള്ള കരുതലും സ്നേഹവും കാണുമ്പോൾ അവിടുത്തെ സന്നിധിയിൽ ഏഴുമടങ്ങ് അധികം അവന്റെ മുമ്പിൽ ആദരവോടെ കുമ്പിട്ട് വണങ്ങി ആരാധിക്കാം.

ഒരു പഴയ നാണയത്തുട്ടിന്റെ ഉദാഹരണം പോലയാണോ അവൻ ഇന്ന് നമുക്ക്? പ്രിയപ്പെട്ടവരെ, ഇവിടെയാണ് സുവിശേഷത്തിന്റെ ശരിയായ ഭംഗി കാണുന്നത്. നമുക്കായിട്ട് യേശുക്രിസ്തു ക്രൂശിക്കപ്പെട്ടും നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു " (1പത്രൊ. 2:24). ആ മഹത്വമുള്ള കുരിശ്, അതിന് നാം മറ്റെന്തിനെക്കാളും കൂടുതൽ പ്രാധാന്യം നല്കുന്നു, ഇതാണ് നമുക്കുള്ള സുവിശേഷം. ആ കുരിശിൽ യേശു മുഴുലോകത്തിന്റെയും പാപത്തിന്റെ ഭാരവും ദൈവത്തിന്റെ പരമ നീതിയ്ക്കു മുമ്പിലേക്ക് വഹിക്കുകയാണ്. കുശവന്റെ കയ്യിലെ കളിമൺ പാത്രം ഉടഞ്ഞതു നാം പലപ്പോഴും യഹോവയായ ദൈവത്തിന്റെ കൈകളിലെ ദണ്ഡിനാൽ തകർന്ന് പോയവരായിരിക്കാം. അതെ നമ്മുടെ സ്നേഹനിധിയായ കർത്താവിന്റെ മുമ്പാകെ കുമ്പിടാം. " അവൻ, മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു " (ഫിലി. 2:8), ഈ തന്റെ പ്രവർത്തിയാൽ അവടുന്നു കൊല്ലപ്പെടുകയും അങ്ങനെ മരണം (പാതാളം) അതിന്റെ ശക്തിയെ തകർത്തു, അതായത് സാത്താന്റെ ശക്തിയെ തകർത്തു.

അവന്റെ ക്രൂശിൽ നല്ല അടിസ്ഥാനം ഇട്ടു, മഹത്വത്തിന്റെയും ഖ്യാതിയുടെയും, മരണത്തിന്റെ വാഴ്ചകളിൽ കൂടി അവൻ കടന്നുപോകുകയും കിരീടം പ്രാപിക്കുകയും ചെയ്തു.

അവിടുത്തെ ത്യാഗപരമായ മരണത്തിന്റെ മഹത്വത്താൽ, നമ്മുടെ പാപങ്ങളെ/ കുറവുകളെ മായിച്ചുകളയുകയും, പുതിയ ഒരു നിയമം സൃഷ്ടിക്കുകയും ചെയ്തു. അതാണ് വിശുദ്ധബൈബിൾ പ്രതിപാദിക്കുന്ന ശ്രേഷ്ഠമേറിയ സുവിശേഷം.

ക്രിസ്തുവിന്റെ ഉയിർപ്പ്

നാം കുറെക്കൂടി യാത്ര

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ മഹത്വമുള്ള സുവിശേഷം

ചെയ്തു അവിടുത്തെ ഉയിർപ്പിനോടു സമീപിക്കുകയാണ്. ഇവിടെ അവന്റെ മഹത്വം നമുക്ക് കൂടുതൽ എളുപ്പത്തിൽ തൊട്ടറിയുവാൻ സാധിക്കുന്നതാണ്. അവൻ മരണത്തിന്റെ കെട്ടുകളിൽ ഒതുങ്ങിപോയില്ല. അവൻ മരിച്ചവനായിരുന്നു. അവന്റെ വിശുദ്ധ ശരീരം മരണത്തിനു വിധേയപ്പെട്ടു. എന്നാൽ ആ ശരീരം ചീഞ്ഞ് പോയില്ല. അല്പസമയത്തേക്കുള്ള ഒരു നിദ്രയാണ് കല്ലറയുടെ ഉള്ളിൽ അമരുന്ന ആ ശരീരത്തിന് സംഭവിച്ചത്. അവിടുന്ന് വീണ്ടും ഉയിർത്തെഴുന്നേറ്റ് പ്രകാശവും സ്വാതന്ത്ര്യവും നല്കി - ജീവനുള്ള ക്രിസ്തു അവിടുത്തെ പുനരുത്ഥാനത്താൽ കൂടുതൽ മഹത്വപ്പെടും. ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്റെ മഹത്വം ആരാണ് പ്രഘോഷിക്കുവാൻ തയ്യാറാകുന്നത്?

ഉയിർപ്പിനാൽ അവൻ നമ്മുടെ സ്വർഗ്ഗത്തെ പ്രകാശം ആക്കി, സന്തോഷത്താൽ നിറയപ്പെട്ടു.

ഉയിർപ്പിനാൽ, അവിടുന്ന് നമ്മുടെ നീതികരണത്തെ മുദ്ര ഇട്ടു സൂക്ഷിച്ചിരിക്കുന്നു. ഉയിർപ്പിനാൽ, അവൻ ശവകുഴിയുടെ ചാലുകളിൽ നിന്ന് സ്വതന്ത്രനാകുകയും മരണത്തിന്റെ അടിമത്വത്തിൽ നിന്നു വിമുക്തനാകുകയും ചെയ്തു. " അതുകൊണ്ട്, നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നു നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ" (റോമ. 1:4).

നമുക്ക് സന്തോഷിക്കാം, എന്തുകൊണ്ടെന്നാൽ നമ്മുടെ കർത്താവ് മരിച്ചിട്ടില്ല. അവൻ എന്നെന്നേക്കുമായിട്ട് നമുക്കായിട്ട് പക്ഷവാദം ചെയ്തുകൊണ്ട് പിതാവിന്റെ വലത്തു ഭാഗത്തു ഇന്നു ജീവിക്കുന്നു. ഇതാണ് നമുക്കുവേണ്ടിയുള്ള സുവിശേഷം. എന്തുകൊണ്ടെന്നാൽ അവൻ ജീവിക്കുന്നു. അതുകൊണ്ട് നാമും ജീവിക്കുന്നു. " അതുകൊണ്ടു താൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായിട്ടു രക്ഷിപ്പാൻ പ്രാപ്തനാകുന്നു " (എബ്രാ. 7:25). ഓ.ഉയിർത്തെഴുന്നേറ്റ നമ്മുടെ യേശുക്രിസ്തുവിനു മഹത്വം! ഇതിനെ കാര്യമായിട്ടു ചിന്തിക്കുക. ആഴത്തിൽ അതിനെ ധ്യാനക്കുക. എന്നിട്ട് താങ്കൾ പതിവായിട്ടു ചെയ്യുന്നതുപോലെ വളരെ വ്യക്തതയോടുകൂടി മഹാസന്തോഷം ഉളവാക്കുന്ന സുവാർത്താ ദൂതിന്റെ ശബ്ദം കേൾക്കുക. നമ്മുടെ ഏറ്റവും വലിയ ആശ്വാസം നാം ഈ വാഗ്ദത്തങ്ങളിലോ മറ്റും അല്ല, കർത്താവായ യേശുക്രിസ്തു അവിടുന്ന് മരണത്തിന്റെ ബന്ധനങ്ങളെ തകർത്ത് മൂന്നാം നാൾ ഉയിർത്തെഴുന്നറ്റതുകൊണ്ട് നമ്മുടെ ശരീരങ്ങൾക്ക് പുനരുത്ഥാനവും നിരാശകളിൽ നിന്നുമുള്ള വിടുതലും മരണത്തിന്റെ ശവക്കുഴിയിൽ നിന്നുമുള്ള മോചനവും ആകുന്നു.

ക്രിസ്തുവിന്റെ രണ്ടാം വരവും സിംഹാസനാരോഹണവും

ഒരിക്കൽ കൂടി നമ്മുടെ കണ്ണുകളെ ഉയരങ്ങളിലേയ്ക്കു നോക്കിയിട്ട് യേശുക്രിസ്തുവിന്റെ മഹത്വത്തെയും അവിടുത്തെ രണ്ടാം വരവിനെയും സിംഹാസനാരോഹണത്തെയും ദർശിക്കാം. അവിടുന്ന് പിതാവിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു. ഒരിക്കൽ നിന്ദ ഏറ്റ് കാൽവറി മരകുരിശിൽ മൂന്നാണികളിൽ തൂങ്ങപ്പെട്ടു മരിച്ച കർത്താവ് ഇപ്പോൾ സർവ്വലോകത്തിന്റെയും ഏക ഉടമസ്ഥനായവന്റെ സിംഹാസനത്തിൽ ഇരിക്കുന്നു. ആണികൾക്ക് പകരം അവിടുത്തെ അനുഗ്രഹഗിക്കപ്പെട്ട കരങ്ങളിൽ മുഴുലോകത്തെ ന്യായം വിധിക്കുവാനുള്ള നീതിയുടെ ചെങ്കോലാണ് ഉള്ളത്. എല്ലാം ഇപ്പോൾ അവന്റെ കാൽക്കീഴിലാണ്. എങ്കിലും ദൈവകൃപയാൽ എല്ലാവർക്കുംവേണ്ടി മരണം ആസ്വദിപ്പാൻ ദൂതന്മാരിലും അല്പം ഒരു താഴ്ചവന്നവനായ യേശു മരണം അനുഭവിച്ചതുകൊണ്ട് അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു (എബ്രാ. 2:9). ഇതാണ് നമുക്കുവേണ്ടിയുള്ള സുവിശേഷം. ഇതിനാൽ അങ്ങനെ സ്പഷ്ടമായിരിക്കുന്നു. അവിടുന്ന് എല്ലാ അധികാരത്തേയും വാഴ്ചകളേയും കീഴടക്കിയിരിക്കുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകലത്തെയും നമുക്കായിട്ട് അവിടുന്ന് പരാജയപ്പെടുത്തിയിരിക്കുന്നു. അവിടുന്ന് പിതാവിനെ അംഗീകരിച്ചതിനാൽ താൻ സ്നേഹിച്ച എല്ലാവരെയും സ്നേഹിക്കുകയും, അവിടുത്തെ നാമത്തിൽ ആശ്രയിച്ചവർക്കായിട്ടു കരുതുകയും ചെയ്യുന്നു.

യേശു തന്റെ മഹിമാധനത്തിൽ ഇരിക്കുന്നതോടൊപ്പം അവിടുന്ന് പറഞ്ഞിരിക്കുകയാണ് അവിടുത്തെ രക്തത്താൽ പാപവിമോചനം പ്രാപിക്കപ്പെട്ട എല്ലാവരും അവനോടൊപ്പം മഹത്വത്തിൽ ഇരിക്കുമെന്ന്. സദാ നമ്മൾ വളരെ ആവലോടെ കാത്തിരിക്കുന്ന അവന്റെ രണ്ടാം വരവ്, നമുക്കു അവിടുന്ന് നല്കിയിരിക്കുന്ന ഒരു ദൈവീക പ്രതീക്ഷയാണ്. നിദ്ര പ്രാപിക്കപ്പെട്ട നീതിമാന്മാർ സ്വർഗ്ഗത്തിൽ നിന്നുള്ള കർത്താവിന്റെ വരവിന്റെ ശബ്ദം കേൾക്കുകയും പ്രധാന ദൂതന്റെ കാഹളധ്വനി ദൈവത്തിൽ നിന്ന് കേൾക്കുകയും " അന്ന് നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കുകയും ചെയ്യും (മത്താ. 13:43;1 തെസ്സ. 4:13-18). അങ്ങനെ നമ്മുടെ ഈ ലോകത്തിലെ കഷ്ടതയുടെ ദിനങ്ങൾ അവസാനിക്കും. എല്ലാ പിണക്കത്തിന്റെ നാവുകളും, പാപത്തിന്റെ എല്ലാ പോരാട്ടങ്ങളും , എല്ലാതിന്മകളുടെ ചതികളും, അങ്ങനെ എല്ലാം എന്നെന്നേക്കുമായിട്ടു തീരാൻ പോകുകയാണ്. അതിനുശേഷം സത്യവും വിശുദ്ധിയും അതിന്റെ പരമാധികാരത്തിൽ വാഴുന്നു.

അല്ലയോ സഹോദരന്മാരെ, എന്റെ നാവിനും വായ്ക്കും ഒരു നിയന്ത്രണവും തടസ്സവും ഇല്ലാതെ എന്റെ ഹൃദയത്തിലുള്ളത് ഒക്കെയും ഇന്ന് നിങ്ങളോടു പറയുവാൻ കഴിഞ്ഞുവെങ്കിൽ, അത് എന്റെ കർത്താവിന്റെ സിംഹാസനത്തിന്റെ മുമ്പാകെ എത്രമാത്രം താങ്കൾക്ക് സന്തോഷം ഉണ്ടാക്കുന്ന ഒരു കാര്യം ആയിട്ട് തീർന്നേക്കാം, അതെ അവിടുത്തെ തേജസ്സോടുള്ള പ്രത്യക്ഷതയിൽ, ആ നിർണ്ണായകമായ സമയത്ത് ഉണ്ടാകുന്ന ആനന്ദത്തിന്റെ അശ്രുക്കൾ എത്രയോ വർണ്ണനീയമാണ് എന്നുള്ള കാര്യം നമുക്ക് മറക്കുവാൻ കഴിയുമോ? അപ്പോസ്തലനായ യോഹന്നാൻ പത്മോസ് ദ്വീപിൽ കർത്താവിനെ കണ്ടതുപോൽ നമുക്ക് അവിടുത്തെ ദിവ്യരൂപം കാണുകയാണെങ്കിൽ, തീർച്ചയായിട്ടു നാം അവിടുത്തെ പാദപീഠത്തിൽ വീഴുക തന്നെ ചെയ്യും. എന്നാൽ അത് നമ്മിൽ പ്രത്യാശയുടെ ഹർഷോന്മാദം ഉണ്ടാക്കുക തന്നെ ചെയ്യും. ഒരിക്കലും നിരാശയുടെ ചില്ലുകൾ ഈ ഭാവഭേദങ്ങൾ ആയിരിക്കുകയില്ല. ഒരു കാര്യം താങ്കൾ മറന്നുപോകരുത്. ക്രിസ്തുവിനെ വളരെ കുറച്ച് മാത്രമേ ജീവിതത്തിൽ പ്രവർത്തിക്കുവാൻ അനുവദിക്കുന്നുള്ളൂവെങ്കിൽ, താങ്കൾ വളരെ കുറച്ച് മാത്രമാണ് സുവിശേഷത്തിൽ ആശ്രയിച്ച് വിശ്വസിച്ചത്. താങ്കളുടെ പ്രവർത്തികൾകൊണ്ട് യേശുക്രിസ്തുവിനെ ഒഴിവാക്കുവാൻ

(ശേഷം 7-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ മഹത്വമുള്ള സുവിശേഷം

ആണ് പരിശ്രമിക്കുന്നുവെങ്കിൽ, സുവിശേഷത്തിന്റെ എല്ലാ സുവാർത്തകളും നശിപ്പിക്കുകയാണ് ചെയ്യുന്നത്.

ക്രിസ്തുവിനെ ഉദ്ഘോഷിക്കുക.

നാം കൂടുതൽ സുവിശേഷം പ്രസംഗിക്കുന്നതിൽ കൂടെ കർത്താവിനെ കുറിച്ച് കൂടുതൽ ഉദ്ഘോഷക്കുകയും / പരസ്യപ്പെടുത്തുകയുമാണ് ചെയ്യുന്നത്. സുവിശേഷത്തിന്റെ മഹത്വത്തെ പരസ്യപ്പെടുത്തുമ്പോൾ, ക്രിസ്തുവിന്റെ നാമം മഹത്വപ്പെടുകയാണ് ചെയ്യുന്നത്. യേശുക്രിസ്തുവിനെ മഹത്വപ്പെടുത്താതെ സിവിശേഷം അറിയിക്കുന്നുവെങ്കിൽ സത്യത്തിന്റെ അപ്പം നല്കപ്പെടേണ്ട സാഹചര്യത്തിൽ കേവലം നല്കുന്നത്. സ്വർഗ്ഗീയ സിംഹാസനത്തിൽ ഇരിക്കുന്ന കർത്താവ് നമ്മെ, അവിടുത്തെ കൂട്ടവകാശികൾ ആക്കി തീർത്തിരിക്കുകയാണല്ലോ. അവിടുന്ന് മനുഷ്യ പുത്രന്മാരുടെ രക്ഷകനായി തീർന്നുവല്ലോ. ഒരു ചെറിയ ക്രിസ്തു എന്നതു കൊണ്ട് അർത്ഥം ആക്കുന്നത് ചെറിയ തോതിലുള്ള സുവിശേഷം എന്നാണ് എന്നാൽ ശരിയായ അളവിൽ/ വ്യാപ്തിയിൽ സുവിശേഷം പ്രഘോഷണം. എന്നാൽ ക്രിസ്തുവിന്റെ തേജസ്സിന്റെ പരിപൂർണ്ണ സുവിശേഷം.

❖

(3-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ്

വ്യത്യസ്തനായിട്ട് – കർത്താവിന്റെ നാമം മഹത്വപ്പെടേണ്ടതിനായ്ട്ട് അനേകം സാക്ഷിപറയുവാൻ എനിക്കു സാധിക്കുന്നു. ക്ഷീണിച്ചിരുന്ന എന്നോട് കർത്താവ് സംസാരിക്കുന്നു. എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ നിങ്ങളും ഈ രീതി അനുവർത്തിക്കുക. യേശുക്രിസ്തു താങ്കളുടെ ജീവിതത്തിൽ ഇപ്രകാരം പ്രവർത്തിക്കുവാനുള്ള അവസരങ്ങൾ ഒരുക്കുക, അപ്പോൾ താങ്കൾക്ക് മനസ്സിലാക്കുവാൻ സാധിക്കും. ക്ഷീണിച്ചിരുന്ന സമയങ്ങളിൽ കർത്താവ് വ്യക്തമായിട്ട് വ്യക്തിപരമായിട്ട് സംസാരിക്കുന്നു എന്ന്. ഇത് ഒരിക്കലും മതത്തിനു കൂടുതൽ നിറവും, കൊഴുപ്പും കൂട്ടുവാൻ അല്ല, പ്രത്യുത നമ്മുടെ ഹൃദയങ്ങളിൽ എന്നും കാത്തു സൂക്ഷിക്കേണ്ടതായ വളരെ വിലയേറിയ നിക്ഷേപം ആണ്. ഒരുവൻ ക്രിസ്തുവിൽ അപ്രകാരം ആയിതീരുവാൻ അത് അവന് അനുഭവിച്ചറിയുവാൻ സാധിക്കുന്നു.

ഓ, ഇതെത്രയോ അനുഗ്രഹീതമാണ്. ഒരു സുഹൃത്തിനെക്കാൾ നല്ല വിശ്വസ്തനായവൻ, ക്ഷീണിച്ചിരിക്കുന്ന സമയങ്ങളിൽ സംസാരിക്കുവാൻ നമ്മോട് സദാ സമയം ഉള്ളത് കർത്താവിൽ എന്നും സന്തോഷിക്കുവാൻ അവിടുന്ന് കൃപ നല്കുന്നു. ഓ, ഇത് വളരെ അനുഗ്രഹിക്കപ്പെട്ടതും വർണ്ണിക്കുവാൻ സാധ്യമല്ലാത്തതുമാണ്. എന്റെ പ്രീയ സ്നേഹിതരിൽ ആരെങ്കിലും ശ്രേഷ്ഠത മനസ്സിലാക്കിയിട്ടില്ല. എങ്കിൽ, അവരോടായിട്ട് ഞാൻ പറയട്ടെ കർത്താവിനെ താങ്കളുടെ ഏറ്റവും പ്രീയ സുഹൃത്തായിട്ട് കാണുവാൻ സാധിക്കാത്ത സമയം വരെ ദയവായിട്ട് അവനിൽ ആശ്രയിക്കരുത്.

എപ്പോഴും കർത്താവിൽ ആശ്രയിപ്പിൻ

എന്നാൽ ഇത് അങ്ങനെയുള്ളതല്ല. വേറൊരു പ്രവർത്തിയുടെ ഫലമാണിത്. യേശുക്രിസ്തുവിലുള്ള നമ്മുടെ സൗഹൃബന്ധം വളരെ വളർന്ന് ദൃഢമായിത്തീരുമ്പോൾ, സങ്കീർത്തനം 9:10-ൽ പറയുന്ന ഒരു അവസ്ഥയിൽ എത്തിച്ചേരുന്നു. നിന്റെ നാമത്തെ അറിയുന്നവർ നിങ്കൽ ആശ്രയിക്കും; യഹോവേ, നിന്നെ അന്വേഷിക്കുന്നവരെ നീ ഉപേക്ഷിക്കുന്നില്ലല്ലോ. അതുകൊണ്ടാണ് നമ്മൾ പറയുന്നത്, അവനെ അറിയുന്നവർ, അവനിൽ ആത്മാർത്ഥതയുള്ളവരായിരിക്കും അങ്ങനെയുള്ളവർ അവിടുത്തെ ശക്തിയിൽ ആശ്രയിക്കും. അവർ അവന്റെ സ്നേഹത്തിൽ ആശ്രയിക്കും. അവർ അവന്റെ ജ്ഞാനത്തിൽ ആശ്രയിക്കും. അവർ അവനിൽ എല്ലാ സമയങ്ങളിലും ഏതു സാഹചര്യങ്ങളിലും ആശ്രയിക്കുന്നവരായിരിക്കും. എത്രയോ അനുഗ്രഹമാണ് ആ നിലവാരത്തിൽ നമ്മുടെ ഹൃദയം ആയിരിക്കുന്നത്?

ലോകത്തെ നാം ശ്രദ്ധിക്കരുത്. കാരണം അവർ ചിന്തിക്കുന്നത് നമ്മുടെ വിശ്വാസപ്രമാണങ്ങളിൽ അവർക്കുള്ളതിൽ നിന്ന് എന്താണ് വ്യത്യാസം ആയിട്ട് ഉള്ളത്, അതിനെയാണ് അവർ ചിന്തിക്കുന്നത്. അവർ നമ്മിൽ കൂടി കാണുവാൻ ആഗ്രഹിക്കുന്നത. നാം എത്രമാത്രം ദൈവീക കാര്യങ്ങളിൽ ആശ്രയിക്കുന്നുവെന്നുള്ളതാണ്. ഒരു പുരുഷനോ, സ്ത്രീക്കോ ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും പൂർണ്ണമായിട്ട് അവർക്ക് ആശ്രയിക്കുവാൻ സാധിക്കുന്നതല്ല, ഏറ്റവും വിശ്വസ്തനായ ഒരു സുഹൃത്ത് സ്വർഗ്ഗത്തിൽ ഉണ്ടോ എന്നാണ്. അനന്തമായ ജ്ഞാനം ഉള്ളവരും സർവ്വശക്തനുമായ ഒരുവൻ ഉണ്ടോ എന്നാണ് അവർ നോക്കുന്നത്. എന്നാൽ അവർ നമ്മിലൂടെ എല്ലാ ജീവിത നിമിഷങ്ങളിലും ഏതു സാഹചര്യങ്ങളിലും നമുക്ക് ആശ്രയിക്കുവാനും നമ്മെ സ്നേഹിക്കുന്നവനുമായ ഒരു ദൈവം ഉണ്ടോ എന്നാണ്. നമ്മെ എന്നും സഹായിക്കുന്നവനും അനുഗ്രഹിക്കുന്നവനും നമ്മുടെ അഭയകേന്ദ്രവും ആയിട്ട് കർത്താവിൽ നാം ആത്മാർത്ഥതയോട് അനുഭവിച്ച് അറിയുന്നുണ്ടോ എന്നാണ്. നാം അവനെയാണോ നോക്കുന്നത്., ആശ്രയിക്കുന്നത്, ശാന്തം ആയിട്ടും, സമാധാനത്തോടെയും സ്വസ്തതയോടുകൂടി ഏത് ജീവിത സാഹചര്യങ്ങളിലും ആയിരിക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ എന്നാണ്. അങ്ങനെയുള്ളവർക്ക് പറയുവാൻ സാധിക്കും. " അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും; ഞാൻ എന്റെ നടപ്പു അവന്റെ മുമ്പാകെ തെളിയിക്കും" (ഇയ്യോബ് 13:15). അങ്ങനെ ആണെങ്കിൽ നമുക്ക് ചുറ്റുമുള്ള ലോകം നമ്മെ നോക്കിയിട്ട് പറയുവാൻ സാധിക്കും, അതെ, അവർ ദൈവീക കാര്യങ്ങളെ നോക്കുന്നവരും അനുഗ്രഹിക്കപ്പെട്ടവരും ആണെന്ന്.

ഇപ്രകാരം നാം ചിന്തിച്ച് മുന്നോട്ട് യാത്ര ചെയ്യുമ്പോൾ പറയുവാൻ സാധിക്കും ദൈവം എന്റെ ആത്മാവിന്റെ രക്ഷകൻ എന്നു മാത്രം ഉള്ള കേവലം അറിവല്ല എനിക്ക് ആവശ്യമായിരിക്കുന്നത്, അവനെ ഞാൻ എന്റെ ഏറ്റവും അടുത്തവനായിട്ട് ഉള്ള ഒരു പരിചയം എനിക്ക് ആവശ്യമാണെന്ന് അവനെ എന്റെ ഏറ്റവും ആത്മമിത്രമെന്ന് ഞാൻ കാണുമെന്നും, അവനിൽ പൂർണ്ണ ഹൃദയത്തോടെ ആശ്രയിക്കുമെന്നും പറയുന്നു. ജീവിതത്തിന്റെ വ്യത്യസ്ത സമയങ്ങളിൽ കർത്താവിന്റെ അത്ഭുത പ്രവർത്തികൾ എന്റെ ജീവിതത്തിൽ അനുഭവിക്കുവാൻ കർത്താവ് കൃപ നൽകി. എനിക്ക് നിങ്ങളോട് പറയുവാൻ സന്തോഷമുണ്ട്. ഓ, അവനെ അനുഭവിച്ചറിയുക, താങ്കൾക്ക് തീർച്ചയായിട്ടും അവനെ അറിയുവാൻ സാധിക്കും. എത്ര നല്ലതാണ് നാം അവനിൽ ആശ്രയിക്കുന്നത്. അതെ അവിടുന്ന് നമ്മെ സഹായിക്കും. ഒരു നാളും നമ്മെ ഉപേക്ഷിക്കുകയോ മറന്നുകളയുകയോ ചെയ്കയില്ല.

(ശേഷം അടുത്തലക്കം)

(കഴിഞ്ഞ ലക്കം തുടർച്ച)

കുട്ടികളെ പഠിപ്പിക്കുക, ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കുവാൻ

ഈ ലോകം കൂടുതൽ അന്ധകാരത്തിലാക്കുകയും എത്രയും ആൾക്കാരെ ഏതെങ്കിലും തരത്തിൽ നശിപ്പിക്കുവാനുമുള്ള പദ്ധതികളുമായിട്ടാണ് പിശാച് പ്രവർത്തിക്കുന്നത്. അവന്റെ ഏറ്റവും വലിയ കെണിയെന്നത് കുട്ടികളെ നോട്ടമിട്ട് അവരെ ഏതെങ്കിലും വിധത്തിൽ ദൈവസന്നിധിയിൽ നിന്ന് അകറ്റി തിന്മ ചെയ്യിപ്പിച്ച് ജീവിതം തകർക്കുവാനാണ്. ചിലപ്പോഴൊക്കെയും പ്രശ്നങ്ങൾ ജീവിതത്തിലേക്ക് കടന്നു വരികയും, നമ്മുടെ കഴിവുകൾ കൊണ്ട് അത് തരണം ചെയ്വാൻ ശ്രമിക്കുമ്പോൾ അവിടെ പരാജയം സംഭവിക്കുകയും നമ്മുടെ കുടുംബങ്ങളിൽ സമാധാനം അനുഭവിക്കുവാൻ സാധിക്കുന്നതുമില്ല. എന്നിരുന്നാലും കർത്താവ് നമ്മെ സ്നേഹിക്കുന്നതുകൊണ്ടും നമ്മുടെ കുട്ടികളേയും നമ്മെയും പിശാചിന്റെ തന്ത്രങ്ങളിൽ അകപ്പെടാതെ അവിടുന്ന് സംരക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ നാം ബലഹീനരാകുമ്പോൾ കർത്താവ് ബലമുള്ളവനാകയാൽ നാം നമ്മുടെ തീരുമാനങ്ങളെ ദൈവമുമ്പാകെ പുതുക്കി കർത്താവിന്റെ മുമ്പിൽ മുട്ടുമടക്കി നമ്മുടെ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ തയ്യാറായാൽ ഒരു ദൈവീക ദർശനമുള്ള അനുഗ്രഹിക്കപ്പെട്ട ഒരു തലമുറയെ കർത്താവു നമുക്കുവേണ്ടി പണിതുയർത്തും.

ഇവിടെ രണ്ടു പ്രധാനപ്പെട്ട കല്പനകൾ നാം കാത്തു സൂക്ഷിച്ചാൽ, നമുക്ക് ക്രിസ്തു കേന്ദ്രീകൃത കുടുംബങ്ങളെ ഈ സാത്താന്യ കേന്ദ്രീകൃത കുടുംബങ്ങളുടെ നടുവിൽ പണിത് ഉയർത്തുവാൻ കർത്താവ് സഹായിക്കും.

ദൈവത്തെ നിങ്ങളുടെ കർത്താവായിട്ടു സ്നേഹിക്കുക

കുട്ടികളെ ദൈവത്തെ സ്നേഹിക്കുന്ന കുഞ്ഞുങ്ങളായിട്ട് വളർത്തിയെടുക്കുവാൻ വേണ്ടി രക്ഷാകർത്താക്കൾ പരിശീലിപ്പിക്കുക. ഇവിടെ പത്തു കല്പനകളിലെ ആദ്യത്തെ നാലെണ്ണം അവർക്കു പറഞ്ഞു കൊടുക്കുവാൻ സാഹചര്യം ഒരുക്കുക.

കല്പനകളിൽ ഒന്ന്: "ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുത്" (പുറ. 20:3). നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കു ഒരു ദൈവമേ ഉള്ളൂവെന്നും ആ സത്യദൈവത്തെ അറിയുവാനുള്ള ഏകമാർഗ്ഗം എന്നത് യേശു ക്രിസ്തു മാത്രമാണ്. ലോകത്തിൽ ധാരാളം ദൈവങ്ങളെ മനുഷ്യർ ആരാധിക്കുകയാണ്. എന്നാൽ സത്യമായ ദൈവം ഒരുവൻ മാത്രമാണ്. കുടുംബങ്ങളിൽ എല്ലാ ദിവസവും ദൈവത്തെ ആരാധിക്കുവാനുള്ള സമയം വേർതിരിക്കണം. സങ്കീർത്തനങ്ങൾ വായിക്കണം. ഒരുമിച്ച് പാടി സ്തുതിക്കണം. പ്രാർത്ഥിക്കണം. നമ്മുടെ സ്തുതികൾക്ക് യോഗ്യൻ അവൻ മാത്രമാണ്.

കല്പനകളിൽ രണ്ടാമത്തേത്: ഒരു വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്ക്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത്. " നിന്റെ ദൈവമായ യഹോവയായ ഞാൻ തീഷ്ണതയുള്ള ദൈവം ആകുന്നു" (പുറ. 20:4,5). നിങ്ങളുടെ കുടുംബത്തിൽ വിഗ്രഹങ്ങളുമായിട്ട് പ്രതിഷ്ഠിക്കപ്പെട്ടകാര്യങ്ങൾ എന്തെല്ലാമാണെന്ന് നോക്കുക. നിങ്ങളുടെ സമയങ്ങളെയും ചിന്തകളും ചെലവിഴിക്കുന്ന ടെലിവിഷൻ, വീഡിയോ ഗെയിംസ് കംപ്യൂട്ടർ മുതലായവ നമ്മുടെ ജീവിതത്ൽ വിഗ്രഹങ്ങൾ ഉണ്ടെങ്കിൽ ചിന്തിക്കുക എന്താണ് ചെയ്യേണ്ടതെന്ന്.

കല്പനകളിൽ മൂന്നാമത്തേത്: "നിന്റെ ദൈവമായ യഹോവയുടെ നാമം വ്യർത്ഥമായി എടുക്കരുത്. തന്റെ നാമം വ്യർത്ഥമായി എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല " (പുറ. 20:7). നിങ്ങളുടെ കുട്ടികൾ ഉപയോഗിക്കുന്ന ഭാഷ എന്താണെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. അവരെ പഠിപ്പിക്കുക എല്ലാ സാഹചര്യത്തിലും കർത്താവിന്റെ നാമത്തെ ബഹുമാനിക്കുവാൻ അവന്റെ നാമം വിശുദ്ധമാണ്. ഒരുമിച്ച് പറയാം. " യഹോവയ്ക്കു അവന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ; വിശുദ്ധാലങ്കാരം ധരിച്ചു യഹോവയെ നമസ്ക്കരിപ്പിൻ" (സങ്കീ. 29:2).

കല്പനകളിൽ നാലാമത്തേതു: " ശബ്ബത്തു നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക " (പുറ. 20:8). നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കുക. ഒരു ദിവസം കർത്താവിനെ ആരാധിക്കുവാൻ കുടുംബമായിട്ട് ദൈവസന്നിധിയിൽ ചിലവിടുവാൻ. ദൈവം നിങ്ങളെ മാനിക്കുകയും പ്രവർത്തികളിൽ അനുഗ്രഹം ഉണ്ടാകുകയും ചെയ്യും.

നിങ്ങളെപോൽ നിങ്ങളുടെ അയൽക്കാരെ സ്നേഹിക്കുക

മറ്റുള്ളവരെ സ്നേഹിക്കുക എന്നത് നാം ദൈവത്തെ സ്നേഹിക്കുന്നതിന്റെ ഒരു സ്വാഭാവിക പ്രതിഫലനമാണ്. ഇനിയും പറയുന്ന ആറ് കല്പനകളിൽ കൂടിയാണ് നമ്മൾ മറ്റുള്ളവരെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവുകൾ ഉണ്ടാകുന്നത്.

കല്പനകളിൽ അഞ്ചാമത്തേത്: നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയേയും ബഹുമാനിക്ക (പുറ. 20:12). മാതാപിതാക്കളെ ഇത് വളരെ ഗൗരവമുള്ളതാണ്. നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളെ ബഹുമാനിക്കുന്നില്ലെങ്കിൽ അവർക്ക് എങ്ങനെയാണ് കർത്താവിനെയും മറ്റുള്ളവരേയും ബഹുമാനിക്കുവാൻ കഴിയുന്നത്? ഓർക്കുക, അത് മണ്ടത്തരമാണ്. കുട്ടികളുടെ ഹൃദയങ്ങളെ ബന്ധിച്ച് തകർത്തേക്കാം (പുറ. 22:15). നമ്മൾ അവരെ പഠിപ്പിക്കണം ബഹുമാനത്തെ സംസാരിക്കുവാനും പ്രവർത്തിക്കുവാനും ഒരിക്കലും നിങ്ങൾ അനുവദിക്കരുത്. കുടുംബങ്ങളിൽ അനാദരവ് വളരുവാൻ കാരണം ഒരിക്കൽ ഇത് വേരുപടർത്തിയാൽ അത് വളരെ വേഗം വ്യാപിച്ച് ബലപ്പെടും. കുടുംബങ്ങളിൽ സദൃശവാക്യങ്ങൾ വായിച്ച് ധ്യാനിക്കുന്നത് ഒരു ശീലമാക്കണം, കാരണം അതിൽ വലിയ ജ്ഞാനം അടങ്ങിയിരിക്കുന്നു. കുട്ടികൾക്കുവേണ്ടിയും, മാതാപിതാക്കൾക്കു വേണ്ടിയും അതുപോലെയുള്ള മറ്റുള്ള കല്പനകൾ എല്ലാം അവിടെ പ്രതിധ്വനിക്കുന്നുണ്ട്.

കല്പനകളിൽ ആറാമത്തേത്: കുല ചെയ്യരുത് (പുറ. 20:13). കുട്ടികൾക്ക് ഇതിന്റെയെല്ലാം പ്രാധാന്യവും ജീവിതത്തിൽ എല്ലാം അംഗീകരിക്കേണ്ടതിന്റെ ആവശ്യകതയും മനസ്സിലാക്കി കൊടുക്കണം.

കല്പനകളിൽ ഏഴാമത്തേത്: "വ്യഭിചാരം ചെയ്യരുത് " (പുറ. 20:14) കുട്ടികളെ പഠിപ്പിക്കണം, സ്നേഹിക്കുന്നതിന്റെ പ്രാധാന്യവും ഭാര്യഭർത്തൃബന്ധത്തിൽ വിശ്വസ്തത പാലിക്കേണ്ടതിന്റെയും കുടുംബജീവിതത്തിൽ പ്രവേശിക്കുന്നതുവരെ ലൈംഗികതയുടെ വിശുദ്ധി യും കാത്തു സൂക്ഷിക്കുന്നതി ന്റെ ആവശ്യകതകളെ പറ്റിയും. കല്പനകളിൽ എട്ടാമത്തേതു മോഷ്ടിക്കരുത് (പുറ. 20:15). നിങ്ങളെ എന്നെങ്കിലും പിടിക്കുന്നതുവരെ, നമ്മുടെ സമൂഹമെല്ലാം നമുക്ക് അനുകൂലമായിരിക്കും.

(ശേഷം അടുത്തലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975